# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.06.2026** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സീഷെൽസ് സന്ദർശനത്തിന് നാളെ തുടക്കമാരും. സീഷെൽസിന്റെ ദേശീയ ദിന സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ മുഖ്യാതിഥിയാകും.

   **Prime Minister Narendra Modi's Seychelles visit begins tomorrow; PM to attend the Golden Jubilee celebrations of the National Day of Seychelles as the Guest of Honour.**

2. ഇന്ത്യ-യുകെ സമഗ്ര സാമ്പത്തിക കരാർ ആഗോള സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുമെന്ന് കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ.

   **India-UK Comprehensive Economic and Trade Agreement will act as force multiplier to support the global economy; says Commerce and Industry Minister Piyush Goyal.**

3. ആഭ്യന്തര എൽപിജി വിതരണത്തിൽ ഇളവുകൾ പ്രഖ്യാപിച്ച് കേന്ദ്രസർക്കാർ. വ്യവസായ-വാണിജ്യ മേഖലകൾക്ക് ആശ്വാസം.

   **Central government announces relaxations in domestic LPG distribution; major relief for industrial and commercial sectors.**

4. രാജ്യത്ത് പാസ്പോർട്ട് അപേക്ഷാ ഫീസുകൾ വർദ്ധിപ്പിച്ചു. പുതിയ പാസ്പോർട്ടിനും പുതുക്കലിനും ഫീസ് 2,500 രൂപ.

   **Passport application fees hiked in the country; new passport and renewal fee now Rs. 2,500.**

5. ഇന്ന് അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം. ദേശീയതല ഓൺലൈൻ ലഹരി നിർമ്മാർജ്ജന പക്ഷാചരണത്തിന് ഇന്ന് തുടക്കം. ലഹരിക്കെതിരായ ബോധവത്കരണ റാലി മുഖ്യമന്ത്രി വി.ഡി സതീശൻ തിരുവനന്തപുരത്ത് ഫ്ലാഗ് ഓഫ് ചെയ്യും.

   **Today is International day against drug abuse; National level online drug disposal fortnight campaign to begin today. Chief Minister V.D. Satheesan to flag off awareness rally in Thiruvananthapuram.**

6. ഫിഫ ലോകകപ്പ് ഫുട്ബോളിൽ ജർമ്മനിയെ അട്ടിമറിച്ച് ഇക്വഡോർ. നോക്കൗട്ട് യോഗ്യത നേടി നെതർലൻഡ്സും ജപ്പാനും.

   **Ecuador stuns Germany in FIFA World Cup; Netherlands and Japan qualify for knockout stage.**

☸☸☸☸☸☸☸☸☸☸☸☸☸

## PM SEYCHELLES VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സീഷെൽസ് സന്ദർശനത്തിന് നാളെ തുടക്കമാകും. സീഷെൽസിന്റെ ദേശീയ ദിന സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പ്രധാനമന്ത്രി മുഖ്യാതിഥിയാകും. ഇന്ത്യൻ പ്രതിരോധ സേനയുടെ ഒരു വിഭാഗവും ഇന്ത്യൻ നാവികസേനയുടെ രണ്ട് കപ്പലുകളും പരിപാടിയിൽ പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഈ മാസം 29 വരെ നീളുന്ന സന്ദർശനത്തിൽ സീഷെൽസ് പ്രസിഡന്റ് ഡോ. പാട്രിക് ഹെർമിനിയുമായി ശ്രീ മോദി ചർച്ച നടത്തും. സീഷെൽസ് ദേശീയ

അസംബ്ലിയെ അഭിസംബോധന ചെയ്യുന്ന പ്രധാനമന്ത്രി, ഇന്ത്യൻ പ്രവാസികളുമായും ആശയവിനിമയം നടത്തും.

## PIYUSH GOYAL ON FTA

ഇന്ത്യ-യുകെ സമഗ്ര സാമ്പത്തിക പങ്കാളിത്തവും വ്യാപാര കരാറും ആഗോള സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുമെന്ന് കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ. ലണ്ടനിൽ നടന്ന ഇന്ത്യ ഗ്ലോബൽ ഫോറം യുകെ- ഇന്ത്യ വീക്കിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യ ഇതുവരെ ഒപ്പുവച്ചതിൽ വച്ച് ഏറ്റവും സമഗ്രമായ കരാറാണ് യുകെയുമായുള്ള സ്വതന്ത്ര വ്യാപാര കരാർ എന്നും കേന്ദ്രമന്ത്രി പറഞ്ഞു.

## S JAISANKAR (INTRO)

ആഗോള വെല്ലുവിളികളെ നേരിടുന്നതിൽ അന്താരാഷ്ട്ര സഹകരണത്തിന്റെ ആവശ്യകത അനിവാര്യമെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. ദക്ഷിണ കൊറിയയിൽ 'ജേജു ഫോറം ഫോർ പീസ് ആൻഡ് പ്രോസ്പെരിറ്റി 2026 പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ ജയശങ്കർ. രാജ്യങ്ങൾ പരസ്പര ധാരണയോടെ ഒന്നിച്ച് പ്രവർത്തിക്കുന്നത് ആഗോള സുസ്ഥിരത ഉറപ്പാക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

**(ഹോൾഡ് വോയ്സ്.........)**

## ANTI NARCOTIC RALLY

ഇന്ന് അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം. ലഹരിക്കെതിരായി അവബോധം സൃഷ്ടിക്കാനും മുഴുവൻ ജനങ്ങളെയും ലഹരിക്കെതിരായ പ്രവർത്തനത്തിൽ അണിനിരത്താനുമാണ് ഐക്യരാഷ്ട്ര സഭ ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായി ആചരിക്കുന്നത്. ലോക ലഹരി വിപത്ത് - നിലനിൽക്കുന്ന പ്രതിസന്ധികളും പുതിയ വെല്ലുവിളികളും നൂതന പ്രതികരണങ്ങളും എന്നതാണ് ഈ വർഷത്തെ പ്രമേയം. അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് വിമുക്തി മിഷനും വിശ്വശാന്തി ഡെവലപ്മെന്റ് ഫൗണ്ടേഷനും സംയുക്തമായി സംഘടിപ്പിക്കുന്ന ബോധവത്കരണ

റാലി ഇന്ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രി വി.ഡി സതീശൻ ഫ്ലാഗ് ഓഫ് ചെയ്യും. രാവിലെ 10.30 ന് കവടിയാറിൽ നിന്ന് ആരംഭിക്കുന്ന റാലി കനകക്കുന്ന് കൊട്ടാരത്തിൽ സമാപിക്കും.

## SHAH-NCB

ലഹരി മാഫിയക്കെതിരെയുള്ള പോരാട്ടം ശക്തമാക്കി, നാർക്കോ കോഓർഡിനേഷൻ സെന്ററിന്റെ പത്താമത് ഉന്നതതല യോഗം കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനംചെയ്യും. ലഹരി നിയന്ത്രണത്തിനായുള്ള പുതിയ വിഷൻ ഡോക്യുമെന്റ് ചടങ്ങിൽ ആഭ്യന്തരമന്ത്രി പ്രകാശിപ്പിക്കും. ജമ്മു, ഗുവാഹത്തി എന്നിവിടങ്ങളിലെ എൻസിബി മേഖലാ ഓഫീസുകളുടെ ഉദ്ഘാടനവും നിർവഹിക്കും. ദേശീയതലത്തിൽ ഓൺലൈൻ ലഹരി നിർമ്മാർജ്ജന പക്ഷാചരണത്തിനും ഇന്ന് തുടക്കമാകും.

## LPG SUPPLIES-INTRO

രാജ്യത്തെ വ്യവസായ--വാണിജ്യ മേഖലകൾക്ക് ആശ്വാസം പകർന്ന്, ആഭ്യന്തര എൽപിജി വിതരണത്തിൽ കേന്ദ്രസർക്കാർ ഇളവുകൾ പ്രഖ്യാപിച്ചു. പശ്ചിമേഷ്യൻ പ്രതിസന്ധിയെ തുടർന്ന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളാണ് പെട്രോളിയം മന്ത്രാലയം പിൻവലിച്ചത്.

**വിശദാംശങ്ങളിലേക്ക്........**

**(വോയ്സ്)**

## LPG SUPPLIES (VOICE)

ഹോർമുസ് കടലിടുക്ക് വഴിയുള്ള കപ്പൽഗാതാഗതത്തിന് തടസ്സം നീങ്ങിയതോടെ രാജ്യത്ത് പാചകവാതക ലഭ്യത മെച്ചപ്പെട്ട സാഹചര്യത്തിലാണ് കേന്ദ്രസർക്കാർ തീരുമാനം. ഗാർഹികേതര എൽപിജി വിതരണം പശ്ചിമേഷ്യൻ പ്രതിസന്ധിക്ക് മുൻപുള്ള അവസ്ഥയിലേക്ക് പൂർണ്ണമായി പുനഃസ്ഥാപിച്ചു. പ്രതിസന്ധിയെ തുടർന്ന് നിർത്തിവെച്ചിരുന്ന ബൾക്ക് എൽപിജി വിതരണം, മുൻപുണ്ടായിരുന്ന ഉപയോഗത്തിന്റെ അമ്പത് ശതമാനം തോതിലാണ് അനുവദിക്കുക. എൽപിജി നിർമ്മാണത്തിനായി സി-3, സി-4 സ്ട്രീമുകൾ പൂർണമായി വകമാറ്റി ഉപയോഗിക്കണം എന്ന ഉത്തരവ് പിൻവലിച്ചു. പ്രതിദിന എൽപിജി ഉത്പാദനം 40 ടിഎംടിയിൽ

കുറയില്ലെന്ന് ഉറപ്പാക്കിക്കൊണ്ടായിരിക്കും നടപടി. അതേസമയം, പിഎൻജി കണക്റ്റിവിറ്റി വ്യാപിപ്പിക്കാനുള്ള ശ്രമങ്ങളുമായി മുന്നോട്ടുപോകുമെന്നും മന്ത്രാലയം വ്യക്തമാക്കി.

**ന്യൂസ് ഡെസ്ക്, ആകാശവാണി........**

## MEA PASSPORT

രാജ്യത്ത് പാസ്പോർട്ട് അപേക്ഷാ ഫീസുകൾ വർദ്ധിപ്പിച്ചു. പുതിയ നിരക്കുകൾ പ്രകാരം 36 പേജുള്ള പുതിയ പാസ്പോർട്ടിനും പുതുക്കലിനും ഫീസ് 1,500 രൂപയിൽ നിന്ന് 2,500 രൂപയായി ഉയരും. 60 പേജുള്ള സാധാരണ പാസ്പോർട്ടിന്റെ നിരക്ക് 2,000 രൂപയിൽ നിന്ന് 3,500 രൂപയായാണ് വർദ്ധിപ്പിച്ചത്. പുതുക്കിയ പാസ്പോർട്ട് (ഭേദഗതി) ചട്ടങ്ങൾ അടുത്ത മാസം 1 മുതൽ പ്രാബല്യത്തിൽ വരുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. തത്കാൽ സംവിധാനത്തിലൂടെ 36 പേജിന്റെ പാസ്പോർട്ട് എടുക്കാൻ ഇനി മുതൽ 5,000 രൂപയും, 60 പേജിന്റെ പാസ്പോർട്ടിന് 6,000 രൂപയും ചിലവ് വരും. പാസ്പോർട്ട് നഷ്ടപ്പെടുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്താൽ പകരം പുതിയത് ലഭിക്കുന്നതിനുള്ള ഫീസും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനായി 36 പേജുള്ള പാസ്പോർട്ടിന് 5,000 രൂപയും 60 പേജുള്ളതിന് 6,000 രൂപയുമാണ് ഈടാക്കുക.

## PM - QUEEN MAXIMA

യുഎൻ സെക്രട്ടറി ജനറലിന്റെ പ്രത്യേക പ്രതിനിധിയായ നെതർലൻഡ്സ് രാജ്ഞി മാക്സിമയുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യയുടെ ഡിജിറ്റൽ അടിസ്ഥാന സൗകര്യവിപ്ലവം സാമ്പത്തികസേവനങ്ങൾ ലളിതവും ചെലവ് കുറഞ്ഞതുമാക്കുന്നത് എങ്ങനെയെന്ന് ഇരുനേതാക്കളും ചർച്ചചെയ്തു. ഡിജിറ്റൽ രംഗത്തെ ഇന്ത്യയുടെ വിജയകരമായ അനുഭവങ്ങൾ ലോകമെമ്പാടുമുള്ള രാജ്യങ്ങളുമായി പങ്കുവയ്ക്കാൻ പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

## NTA-NEET UG

ഈ മാസം 21-ന് നടന്ന നീറ്റ് യുജി പുനഃപരീക്ഷയുടെ താൽക്കാലിക ഉത്തരസൂചികകൾ പരിശോധിക്കാൻ അവസരമൊരുക്കി നാഷണൽ

ടെസ്റ്റിംഗ് ഏജൻസി. ഉത്തരസൂചികകൾ www.neet.nta.in എന്ന വെബ്സൈറ്റിൽ ലഭ്യമാണെന്നും ഈ മാസം 28 വരെ ഓരോ ചോദ്യത്തിനും 200 രൂപ വീതം ഫീസടച്ച് വിദ്യാർത്ഥികൾക്ക് പരാതികൾ ഉന്നയിക്കാമെന്നും എൻടിഎ അറിയിച്ചു. പരാതി അംഗീകരിക്കപ്പെടുകയാണെങ്കിൽ ഫീസ് പൂർണ്ണമായും തിരികെ നൽകും. കൂടാതെ, പുനഃപരീക്ഷ എഴുതിയവർക്ക് ഫീസ് റീഫണ്ട് ലഭിക്കുന്നതിനായി തങ്ങളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ സ്ഥിരീകരിക്കുന്നതിനും പുതുക്കുന്നതിനുമുള്ള പോർട്ടലും എൻടിഎ സജ്ജമാക്കിയിട്ടുണ്ട്. ബാങ്ക് വിവരങ്ങൾ പുതുക്കാനുള്ള അവസാന തീയതി ഈ മാസം 30 ആണ്.

## FIFA (INTRO)

ഫിഫ ലോകകപ്പ് ഫുട്ബോളിൽ വമ്പന്മാരെ ഞെട്ടിച്ചും ആവേശപ്പോരാട്ടങ്ങൾ സമ്മാനിച്ചും ഗ്രൂപ്പ് ഘട്ട മത്സരങ്ങൾ അവസാന ദിനങ്ങളിലേക്ക്. ഇ ഗ്രൂപ്പിൽനിന്ന് ജർമനിയും ഐവറി കോസ്റ്റും, ഗ്രൂപ്പ് എഫിൽനിന്ന് നെതർലൻഡ്സും ജപ്പാനും നോക്കൗട്ട് റൗണ്ടിലേക്ക് യോഗ്യത നേടി.

**ഒരു റിപ്പോർട്ട്...**

**(വോയ്സ്)**

ഇന്നലെ രാത്രി നടന്ന നിർണ്ണായക മത്സരത്തിൽ മുൻ ചാമ്പ്യന്മാരായ ജർമ്മനിയെ ഒന്നിനെതിരെ രണ്ടു ഗോളുകൾക്ക് അട്ടിമറിച്ചാണ് ലാറ്റിനമേരിക്കൻ പോരാളികളായ ഇക്വഡോർ ലോകകപ്പിലെ ആദ്യ ജയം സ്വന്തമാക്കിയത്. ഇതേ ഗ്രൂപ്പിലെ മറ്റൊരു മത്സരത്തിൽ ഐവറികോസ്റ്റ് എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് കുറസാവോയെ പരാജയപ്പെടുത്തി. ഗ്രൂപ്പ് എഫിൽ ടുണീഷ്യയെ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്കാണ് ഡച്ച് പട തകർത്തത്. ഗ്രൂപ്പിലെ അവസാന മത്സരത്തിൽ ജപ്പാനും സ്വീഡനും ഓരോ ഗോൾ വീതം അടിച്ച് സമനിലയിൽ പിരിഞ്ഞു. ഗ്രൂപ്പ് ഡിയിലെ അവസാന മത്സരങ്ങളിൽ ഇപ്പോൾ അമേരിക്ക തുർക്കിയയെയും, പരാഗ്വേ ഓസ്ട്രേലിയയെയും നേരിടുകയാണ്. ഇന്നു രാത്രി 12.30ന് കിലിയൻ എംബാപ്പെയുടെ ഫ്രാൻസും, എർലിങ് ഹാളണ്ടിന്റെ നോർവേയും തമ്മിലുള്ള സൂപ്പർ പോരാട്ടം ലോകകപ്പിൽ അരങ്ങേറും.

**ന്യൂസ് ഡെസ്ക്, ആകാശവാണി.......**

❁❁❁❁❁❁❁❁❁❁❁❁❁

## ICC WOMEN T20 WORLDCUP

ഐസിസി വനിതാ ട്വന്റി - 20 ലോകകപ്പിൽ ബംഗ്ലാദേശിനെതിരെ ഇന്ത്യക്ക് 5 വിക്കറ്റ് ജയം. ബംഗ്ലാദേശ് ഉയർത്തിയ 137 റൺ വിജയലക്ഷ്യം 19 പന്ത് ബാക്കി നിൽക്കെ 5 വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ മറികടന്നു. രണ്ടാം മത്സരത്തിൽ ദക്ഷിണാഫ്രിക്ക നെതർലന്റ്സിനെ 88 റൺസിന് പരാജയപ്പെടുത്തി. ഇന്ന് നടക്കുന്ന മത്സരത്തിൽ ശ്രീലങ്ക സ്കോട്ട്ലന്റിനെ നേരിടും.

❁❁❁❁❁❁❁❁❁❁❁❁❁

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഞായറാഴ്ച രാവിലെ 11 മണിക്ക്. പരിപാടിയുടെ 135 -ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും ഇന്ന് വരെ MYGOV, NaMo App അല്ലെങ്കിൽ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ അറിയിക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

## CENSUS

സെൻസസ് 2027 ന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷൻ സൗകര്യം 4 ദിവസം കൂടി ലഭ്യമാകും. se.census.gov.in എന്ന പോർട്ടലിലാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്.

❁❁❁❁❁❁❁❁❁❁❁❁❁

## POLIO

രാജ്യവ്യാപകമായി നടത്തുന്ന പൾസ് പോളിയോ തുള്ളിമരുന്ന് വിതരണം മറ്റന്നാൾ നടക്കും. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ഞായറാഴ്ച മന്ത്രി കെ. മുരളീധരൻ തിരുവനന്തപുരത്ത് നിർവ്വഹിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## EARTHQUAKE

വെനസ്വേലയിൽ ഉണ്ടായ ശക്തമായ ഭൂകമ്പത്തിൽ മരണസംഖ്യ 188 ആയി. 1520 പേർക്ക് പരിക്കേറ്റു. 200 പേർ ഇപ്പോഴും കുടുങ്ങി

ക്കിടക്കുന്നതായാണ് വിവരം. വെനസ്വേലയുടെ തലസ്ഥാനമായ കാരക്കാസിലും പരിസര പ്രദേശങ്ങളിലുമായി 7.2, 7.5 തീവ്രത രേഖപ്പെടുത്തിയ ഭൂചലനങ്ങളാണ് ഉണ്ടായത്. ജപ്പാന്റെ വടക്കൻ മേഖലയിലും ഭൂചലനം അനുഭവപ്പെട്ടിരുന്നു.